**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 459** **24-03-2025 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്‌തീൻ ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എ. രാജ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം നടത്തിവരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ, ചീഫ് സെക്രട്ടറി ചെയർമാനും, വിവിധ സർക്കാർ പ്രതിനിധികൾ അംഗങ്ങളുമായിട്ടുള്ള ഗവേണിംഗ് ബോഡി വർഷത്തിൽ ഒരു പ്രാവശ്യവും കൂടാതെ ആസൂത്രണ സാമ്പത്തികകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റി വർഷത്തിൽ 3 പ്രാവശ്യവും അവലോകനം ചെയ്യാറുണ്ട്. |
| (ബി) | വാലിഡേഷൻ ഓഫ് അഗ്രികൾച്ചർ ഡാറ്റാ ബാങ്കുമായി ബന്ധപ്പെട്ട് എത്ര കൃഷിഭവനുകളിലെ ഡാറ്റാ ബാങ്കുകളുടെ വാലിഡേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്നും ഇനി പൂർത്തീകരിക്കാനുള്ളത് എത്രയാണെന്നും അറിയിക്കാമോ; | (ബി) | നാല് ഘട്ടങ്ങളിലായി 500 ഡാറ്റാ ബാങ്ക് വാലിഡേഷൻ നടത്തിയതിൽ ഇതുവരെ 480 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 20 എണ്ണത്തിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (സി) | പ്രസ്തുത കാലയളവിൽ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം അനുസരിച്ച് എത്ര അപേക്ഷകൾ കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം തീർപ്പാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (സി) | ഈ സർക്കാരിന്റെ കാലയളവിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുസരിച്ച് 17578 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട് |
| (ഡി) | പ്രസ്തുത സ്ഥാപനം വിദ്യാർത്ഥികൾക്കായി ഇന്റേൺഷിപ്പ് പ്രോഗ്രാം നടത്താറുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ഡി) | കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം സംസ്ഥാന / അന്തർ സംസ്ഥാന യൂണിവേഴ്സിറ്റികളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കും ഗവേഷകർക്കുമായി ഇന്റേൺഷിപ്പ് പ്രോഗ്രാം നടത്തി വരുന്നു. 3 മാസം മുതൽ 6 മാസം വരെ ആണ് കാലാവധി. യൂണിവേഴ്സിറ്റിയിൽ നിന്നും സെന്ററിൽ നിന്നും ഓരോ guide ഉം ഉണ്ടാകും. ഓൺലൈൻ ആയാണ് ഇന്റേൺഷിപ്പിനുള്ള അപേക്ഷ സ്വീകരിക്കുന്നത്. Caution deposit ഉൾപ്പെടെ 5000/- രൂപയാണ് ഒരു വിദ്യാർത്ഥിയിൽ നിന്നും |

| | | | |
|---|---|---|---|
| | | | ഊടാക്കുന്നത്. ഇന്റേൺഷിപ്പ് വിജയകരമായി പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് 2500/- രൂപ (Caution Deposit) മടക്കി നൽകും. സെന്ററിലെ സയന്റിസ്റ്റുമാരുടെ guidance -ൽ 200 ലധികം വിദ്യാർത്ഥികൾ/ ഗവേഷകർ ഇൻറേൺഷിപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. M.Sc., M.Tech, B.Tech എന്നീ കോഴ്സുകൾക്കാണ് ഇപ്പോൾ ഇ ന്റേഷൻഷിപ്പ് നടത്തി വരുന്നത്. |
| (ഇ) | കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം ഏതെല്ലാം ജില്ലകളിലെ റോഡ്, ആസ്തികൾ, ജലവിഭവങ്ങൾ എന്നിവ സംബന്ധിച്ച അടിസ്ഥാന വിവരശേഖരണം പൂർത്തീകരിച്ചിട്ടുണ്ട്; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ഇ) | കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രത്തിന്റെ സാങ്കേതിക സഹായത്തോടെ തദ്ദേശ  സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡ് സർവ്വെ മാപ്പിംഗ് 14 ജില്ലകളിലും പൂർത്തീകരിച്ചു. ഡാറ്റയുടെ ക്രോഡീ കരണം, കണക്ടിവിറ്റി, ഫൈനലൈസേഷൻ എന്നിവയുള്ള തുടർ നടപടികൾ സ്വീകരിച്ച വരുന്നു. ആസ്തികളുടെ വിവരശേഖരണം ആരംഭിച്ചിട്ടില്ല.<br><br>കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രത്തിന്റെ സാങ്കേതിക സഹായത്തോടെ ഭൂഗർഭജല വകുപ്പ് കേരളത്തിലെ കിണർ, കുളം തുടങ്ങി ജലസ്രോതസ്സുകളുടെ സർവ്വെ നടത്തി വരുന്നു. 13 ലക്ഷം ജലസ്രോതസ്സുകളുടെ സർവ്വേ ഈ സാമ്പത്തിക വർഷം പൂർത്തീകരിച്ചു.<br><br>കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം രൂപപ്പെടുത്തിയ മൊ ബൈൽ ആപ്ലിക്കേഷൻ മുഖേനയാണ് ഭൂജലവകുപ്പ് ഈ വിവരങ്ങൾ പഞ്ചായത്ത് തലത്തിൽ ശേഖരിക്കുന്നത്. |

സെക്ഷൻ ഓഫീസർ